# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ജീവനക്കാര്യം - അസിസ്റ്റന്റ് തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 2016 ൽ നിയമനം ലഭിച്ച അസിസ്റ്റന്റുമാരുടെ പരിവീക്ഷാകാല പൂർത്തീകരണ പ്രഖ്യാപനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഭരണം സി III വിഭാഗം

**നം. 8194/സി III/3/2018/ഭരണവിഭാഗം** **തീയതി, പി.ഡി.ഹിൽസ്: 21.11.2018**

---

**പരാമർശം** :
1. പി. എസ്. സി. വഴി നിയമനം ലഭിച്ച അസിസ്റ്റന്റുമാരുടെ പരിവീക്ഷാകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 05.09.2016, 29.09.2016 എന്നീ തീയതികളിലെ കത്ത് നം. RIB(2)11836/16/GW
3. ഉ. നം. 5592/AI/1/2016/Admn തീയതി 24.10.2016
4. സർക്കാർ ഉത്തരവ് (അച്ചടി) നം. 7/2016/ഉന്നത വിദ്യാഭ്യാസം തീയതി 26.02.2016.
5. കെ. എസ് & എസ്. എസ്. ആർ. ജനറൽ റൂൾ 10 b(iii)
6. 26.07.2018 തീയതിയിലെ വിജ്ഞാപനം നം. AcL/1/1202/SA/2018 പ്രകാരം ഭേദഗതി വരുത്തിയ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 അദ്ധ്യായം IV ഭാഗം II സ്റ്റാറ്റ്യൂട്ട് 10.

### ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 2016 ൽ നിയമനം ലഭിച്ച താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന 11 അസിസ്റ്റന്റുമാർ തങ്ങളുടെ പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ടി ജീവനക്കാർക്ക് പരാമർശം (6) പ്രകാരം 3 വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ 2 വർഷത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.

പരാമർശം (2), (3) എന്നിവ പ്രകാരം ജോലിയിൽ പ്രവേശിച്ച ടി ജീവനക്കാർ തങ്ങളുടെ പരിവീക്ഷാകാലയളവിൽ തന്നെ പരാമർശം (4) പ്രകാരമുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ ആയ സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ, അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) എന്നിവ വിജയിച്ചിട്ടുള്ളതാകുന്നു. പരാമർശം (5) പ്രകാരം ടി ജീവനക്കാരുടെ സ്വഭാവവും പൂർവചരിത്രവും പരിശോധിച്ച് ടിയാളുകൾ അസിസ്റ്റന്റ് തസ്തികയിലുള്ള നിയമനത്തിന് അനുയോജ്യരാണെന്ന് വ്യക്തമാക്കുന്ന പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്.

പരിവീക്ഷാകാലയളവിൽ ടി ജീവനക്കാരുടെ സ്വഭാവവും പ്രവർത്തനവും തൃപ്തികരമാണെന്നു ബന്ധപ്പെട്ട മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കാലയളവിൽ ടിയാളുകൾ പണിമുടക്കുകളിൽ പങ്കെടുക്കുകയോ ആകസ്മിക അവധികളല്ലാതെ പരിവീക്ഷാകാലം ദീർഘിക്കുന്ന അവധികളൊന്നും തന്നെ പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പ്രസ്തുത ജീവനക്കാർ പ്രൊബേഷൻ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച് തുടർച്ചയായ 2 വർഷത്തെ സേവനകാലം അസിസ്റ്റന്റ് തസ്തികയിൽ പൂർത്തിയാക്കിയിരിക്കുന്നു.

ആയത് പരിഗണിച്ച് പരാമർശം (6) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ജീവനക്കാരുടെ അസിസ്റ്റന്റ് തസ്തികയിലെ പരിവീക്ഷാകാലം ടിയാളുകളുടെ പേരിന് നേർക്ക് കാണിച്ചിരിക്കുന്ന തീയതി മുതൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന ഡയറക്ടർ, കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഉത്തരവായിരിക്കുന്നു.

| ക്രമ നം. | അസിസ്റ്റന്റിന്റെ പേര്/സെക്ഷൻ | സർവ്വകലാ-ശാലയിൽ പ്രവേശിച്ച തീയതി | വകുപ്പുതല പരീക്ഷ പാസ്സായ തീയതി | | രണ്ട് വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ തീയതി | പരിവീക്ഷാകാല പൂർത്തീകരണ പ്രഖ്യാപന തീയതി |
|---|---|---|---|---|---|---|
| | | | സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ | അക്കൗണ്ട് ടെസ്റ്റ് ലോവർ/ഹയർ | | |
| 1. | മുഹമദ് റാഫി എം. (EB VI) | 22.09.2016 FN | ജൂലൈ 2017 | ജനുവരി 2018 | 21.09.2018 AN | 22.09.2018 FN |
| 2. | ദിവ്യാ ദാസ് (CBCSS XVIII) | 23.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 22.09.2018 AN | 23.09.2018 FN |
| 3. | മനു. ജി. (CBCSS XVII) | 23.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 22.09.2018 AN | 23.09.2018 FN |
| 4. | സിജി വി. എ. വലിയപറമ്പിൽ (EI V) | 24.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 23.09.2018 AN | 24.09.2018 FN |
| 5. | ഗീതു എസ്. (EJ VII) | 26.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 6. | ജിതിൻ സച്ചിദാനന്ദൻ (EG I) | 26.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 7. | മുഹമ്മദ് ഷിബിൻ എ.എൽ (EJ X) | 26.09.2016 FN | ജനുവരി 2017 | ജനുവരി 2018 | 25.09.2018 AN | 26.09.2018 FN |
| 8. | സിന്ധു സി. (EJ XI) | 26.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 9. | ശരത് എസ്. (EJ VII) | 26.09.2016 FN | ജനുവരി 2017 | ജൂലൈ 2017 | 25.09.2018 AN | 26.09.2018 FN |
| 10. | വീണ എസ്. (EG IV) | 26.09.2016 FN | ജനുവരി 2017 | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 11. | ശംഭുദേവ് പി. എസ് (CBCSS XXVII) | 30.09.2016 FN | ജനുവരി 2017 | ജനുവരി 2018 | 29.09.2018 AN | 30.09.2018 FN |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
തങ്കപ്പൻ.എ.
അസി. രജിസ്ട്രാർ IV (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ.
4. എ.ഡി. എ I വിഭാഗം
5. എ.ഡി. സി. I /II/ III
6. ഫിനാൻസ് I/ഫിനാൻസ് II
7. അസിസ്റ്റന്റ് രജിസ്ട്രാർ IV (ഫിനാൻസ്)
8. ഫിനാൻസ് കമ്പ്യൂട്ടർ സെൽ
9. ആഡിറ്റ് V
10. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി. സർവ്വകലാശാല
11. പി. ആർ. ഒ.
12. കണ്ടന്റ് മാനേജ്മെന്റ്/റെക്കോർഡ്സ് വിഭാഗങ്ങൾ
13. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എഡി.സി III/3/ പ്രൊബേഷൻ/2018